# ഡിപ്പാർട്ട്മെന്റ് ഓഫ് ആറ്റോമിക് എനർജി പെൻഷനേഴ്സ് അസ്സോസിയേഷൻ - നോർത്ത് കേരള

സി-1, ലക്ഷ്മി നിവാസ്, പാർവ്വതിപുരം റോഡ്, പന്നിയങ്കര,
കല്ലായി പി.ഒ. കോഴിക്കോട് - 673 003

## നിയമാവലി

(ഈ സംഘടനയുടെ പ്രവർത്തനം പൂർണ്ണമായും സൊസൈറ്റീസ് റജിസ്ട്രേഷൻ ആക്ട് XXI ഓഫ് 1860 ന് വിധേയമായിരിക്കും.)

1. പേര് : **ഡിപ്പാർട്ട്മെന്റ് ഓഫ് ആറ്റോമിക് എനർജി പെൻഷനേഴ്സ് അസ്സോസിയേഷൻ - നോർത്ത് കേരള**

2. ഓഫീസ് : ഈ സംഘത്തിന്റെ ഓഫീസ് കോഴിക്കോട് കോർപ്പറേഷനിൽ 23-ാം വാർഡിൽ 1781 ഡി നമ്പർ കെട്ടിടത്തിൽ പ്രവർത്തിക്കുന്നു.

3 മേൽവിലാസം : **ഡിപ്പാർട്ട്മെന്റ് ഓഫ് ആറ്റോമിക് എനർജി പെൻഷനേഴ്സ് അസ്സോസിയേഷൻ - നോർത്ത് കേരള**
(സി-1, ലക്ഷ്മി നിവാസ്, പാർവ്വതിപുരം റോഡ്, പന്നിയങ്കര, കല്ലായി പി.ഒ. കോഴിക്കോട് - 673 003)

4. പ്രവർത്തന പരിധി : ഇന്ത്യ ഒട്ടാകെ

### 5. ഉദ്ദേശ്യലക്ഷ്യങ്ങൾ

1. അറ്റോമിക് എനർജി പെൻഷൻകാരുടെയും കുടുംബ പെൻഷൻകാരുടെയും ക്ഷേമവും താൽപ്പര്യവും കണക്കിലെടുത്ത്

അവർക്കുവേണ്ട സംരക്ഷണവും സുരക്ഷയും പ്രോത്സാഹനവും നൽകുക.

2. എല്ലാ പെൻഷണർമാരും തമ്മിൽ സൗഹാർദ്ദവും, സാഹോദര്യവും വളർത്തിയെടുക്കാൻ പ്രവർത്തിക്കുക.

3. താൽപ്പര്യമുള്ള പെൻഷൻകാർക്ക് അവർക്ക് അനുയോജ്യമായ തൊഴിൽ, സഹകരണ മേഖലകൾ, ചെറുകിട വ്യവസായ മേഖലകൾ മുതലായവയിൽ കണ്ടുപിടിച്ച് നൽകുവാൻ സഹായിക്കുക.

4. താഴ്ന്ന വരുമാനമുള്ള പെൻഷൻകാർക്ക് സാമ്പത്തിക, സാമൂഹ്യ സഹായങ്ങൾ വൈദ്യസഹായങ്ങൾ, വിദ്യാഭ്യാസ സഹായങ്ങൾ കുട്ടികളുടെ വിവാഹത്തിനുള്ള സഹായങ്ങൾ മുതലായവ നൽകുക.

5. പെൻഷൻകാരുടെ നീതിന്യായ അവകാശങ്ങൾ നേടുന്നതിനും അതിന് വേണ്ടതായ ധനസഹായം നൽകുക.

6. മറ്റുള്ള പെൻഷൻകാരുടെ ഫെഡറേഷൻ, കോൺഫെഡറേഷൻ മുതലായവയിൽ അംഗത്വം നേടുക.

7. ആറ്റോമിക് എനർജി പെൻഷൻകാർക്ക് ഉചിതമായ കാരണങ്ങൾക്കുവേണ്ട സമയത്ത് പത്രങ്ങൾ, പ്രസിദ്ധീകരണങ്ങൾ മുതലായ മാദ്ധ്യമങ്ങൾ വഴി പ്രചാരണം നൽകുക.

8. ആറ്റോമിക് എനർജി പെൻഷൻകാരുടെയും കുടുംബ പെൻഷൻകാരുടെയും ജനാധിപത്യവും നീതിന്യായ അവകാശ ങ്ങൾക്കും വേണ്ടി സംഘടിക്കുക.

9. ഇതിന്റെ പ്രവർത്തനങ്ങൾ പൂർണ്ണമായും നിലവിലുള്ള നിയമ ങ്ങൾക്കും അധികൃതരുടെ അനുമതിക്കും വിധേയമായിരിക്കും.

| പ്രസിഡന്റ് | ജനറൽ സെക്രട്ടറി | ട്രഷറർ |
|---|---|---|
| **ഭരതൻ മാനാരി** | **കെ. എസ്. മേനോൻ** | **പി. പി. ദാമു** |

6. **അംഗത്വം**

1. സംഘടനയുടെ പ്രവർത്തന പരിധിയിൽപ്പെട്ടവരും ഈ ഭരണഘടന യുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ അനുസരിച്ച് പ്രവർത്തിക്കാൻ തയ്യാറുള്ളവരും നിശ്ചിത ഫോറത്തിൽ അപേക്ഷിച്ച് ഈ സംഘടനയിൽ അംഗമാകാവുന്നതാണ്.
2. ഈ സംഘടനയിലെ പ്രവേശന ഫീസ് 50 രൂപയും കൊല്ലവരിസംഖ്യ 200 രൂപയും ആജീവനാന്ത മെമ്പർഷിപ്പ് ഫീസ് 1500 രൂപയും ആയിരിക്കും.

7. **ജനറൽ ബോഡി**

സംഘടനയുടെ അംഗങ്ങളും തെരഞ്ഞെടുക്കപ്പെടുന്നവരും പ്രതിനിധിയായി ഉൾക്കൊള്ളുന്നതായിരിക്കും അതിന്റെ ജനറൽ ബോഡി. ജനറൽ ബോഡിയുടെ ക്വോറം ആകെ അംഗങ്ങളുടെ അഞ്ചിലൊന്നും പുറമെ എക്സിക്യൂട്ടീവ് / മാനേജിംഗ് കമ്മിറ്റിയുടെ പകുതി മെമ്പർമാരും ചേർന്നതായിരിക്കും.

8. **ജനറൽ ബോഡിയുടെ അധികാരങ്ങൾ**

ജനറൽബോഡി വർഷത്തിൽ രണ്ടുപ്രാവശ്യം (ഏപ്രിലും, സപ്തംബറിലും) യോഗം ചേർന്ന് സംഘടനയുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതായിരിക്കും. സംഘടനയുടെ വാർഷിക റിപ്പോർട്ടും കണക്കും ഓഡിറ്റ് റിപ്പോർട്ടും പാസ്സാക്കുക, പുതിയ ബജറ്റ് അംഗീകരിക്കുക, സൊസൈറ്റിയുടെ പ്രവർത്തനം കാര്യക്ഷമമാക്കു ന്നതിനുള്ള മാർഗ്ഗങ്ങൾ ആസൂത്രണം ചെയ്യുക, ഭരണസമിതി അംഗങ്ങളെ തെരഞ്ഞെടുക്കുക എന്നിവ ജനറൽബോഡിയുടെ ചുമതലകളിൽ പെടുന്നതാണ്

**9. ഭരണസമിതി**

ജനറൽ ബോഡിയിൽ നിന്നും അംഗത്വം തെരഞ്ഞെടുത്ത 7- ൽ കുറയാത്തതും 15-ൽ അധികമാവാത്തതുമായ അംഗങ്ങളുള്ളതാണ് ഭരണ സമിതി. അതിൽ ഒരു പ്രസിഡണ്ട്, ഒരു വൈസ് പ്രസിഡണ്ട്, ഒരു ജനറൽ സെക്രട്ടറി, ഒരു ഓർഗനൈസ്സിംഗ് സെക്രട്ടറി, ഒരു ജോയിന്റ് സെക്രട്ടറി, ഒരു ഖജാൻജി, എക്സിക്യൂട്ടീവ് മെമ്പർമാർ എന്നിവരടങ്ങിയതായിരിക്കും ഭരണ സമിതി. മെമ്പർമാരിൽ നിന്ന് രണ്ട് ഓഡിറ്റർമാരേയും ജനറൽ ബോഡി യോഗത്തിൽ നിന്നും തെരഞ്ഞെടുക്കേണ്ടതാണ്. ഭരണ സമിതിയുടെ കാലാവധി ഒരു വർഷമായിരിക്കും.

**10. ഭരണ സമിതിയുടെ അധികാരങ്ങൾ**

സംഘടനയുടെയും സംഘടനയുടെ ആസ്തിയുടെയും സൂക്ഷിപ്പും നിയന്ത്രണവും നടത്തിപ്പും കാര്യക്ഷമവും കുറ്റമറ്റതാണെന്ന് ഉറപ്പുവരുത്തുക, ഈ നിയമാവലിക്ക് വിധേയമായി ആവശ്യമായ ചട്ടങ്ങളും വ്യവസ്ഥകളുമുണ്ടാക്കുക, സംഘടനയുടെ കാര്യക്ഷമമായ നടത്തിപ്പിനാവശ്യമായ ഉദ്യോഗസ്ഥരെയും ഓഡിറ്റർമാരെയും നിയമോപദേശകരെയും നിയമിക്കുക, അവയുടെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുക, സംഘടനയുടെ ജനറൽ സെക്രട്ടറി/ ഖജാൻജി ജനറൽബാഡി മുമ്പാകെ അവതരിപ്പിക്കുന്ന വാർഷിക ബജറ്റ്, വരവ് ചെലവ് കണക്ക് എന്നിവ ആവശ്യമായ ചർച്ചകൾക്കും ഭേദഗതികൾക്കും ശേഷം പാസ്സാക്കുക. സംഘടനയുടെ താൽപര്യങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിച്ചതിനാൽ ഏതെങ്കിലും അംഗത്തെ പ്രസിഡന്റ് സസ്പെന്റ് ചെയ്യുന്നപക്ഷം അക്കാര്യത്തിൽ അന്തിമ തീരുമാനമെടുക്കുകയും സസ്പപെൻഷൻ കാലയളവ് തീരുമാനിക്കുകയും ചെയ്യുക.

| പ്രസിഡന്റ് | ജനറൽ സെക്രട്ടറി | ട്രഷറർ |
|---|---|---|
| **ഭരതൻ മാനാരി** | **കെ. എസ്. മേനോൻ** | **പി. പി. ദാമു** |

**11. <u>ഭാരവാഹികൾ</u>**

1. **<u>പ്രസിഡണ്ട്</u>** :- സമിതി യോഗങ്ങളിൽ അദ്ധ്യക്ഷം വഹിക്കുക. സംഘടനയുടെ പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുക.

2. **<u>വൈസ് പ്രസിഡണ്ട്</u>** :- പ്രസിഡന്റിനെ സഹായിക്കുക, അദ്ദേഹത്തിന്റെ അഭാവത്തിലും അദ്ദേഹം ഉത്തരവാദപ്പെടുത്തി ഏൽപ്പിക്കുമ്പോഴും അദ്ദേഹത്തിന്റെ അധികാരങ്ങളും കർത്തവ്യങ്ങളും നിർവ്വഹിക്കുക.

3. **<u>ജനറൽ സെക്രട്ടറി</u>** :-പ്രസിഡന്റിന്റെ നിർദ്ദേശപ്രകാരം ഭരണസമിതി ജനറൽബോഡി യോഗങ്ങൾ വിളിക്കുക. മിനുട്സ് രേഖപ്പെടുത്തി സൂക്ഷിക്കുക, പ്രസിഡന്റിന്റെ നിർദ്ദേശങ്ങളും ഭരണസമിതി തീരുമാനങ്ങളും അനുസരിച്ച് സംഘടനയുടെ ദൈനംദിന ഭരണം നടത്തുക, സംഘടനാ സംബന്ധമായ എല്ലാ റിക്കാർഡുകളും കണക്കുകളും മറ്റു രേഖകളും സൂക്ഷിക്കുക, എഴുത്തുകുത്തുകൾ നടത്തുക, പ്രസിഡന്റിന്റേയും ഖജാൻജിയുടെയും ഒപ്പം സംഘടനയുടെ വരവ് ചെലവ് കണക്കുകളും ബാങ്ക് അക്കൗണ്ടുകളും കൈകാര്യം ചെയ്യുക വരവ് സംഖ്യയിൽ അതത് കാലങ്ങളിൽ ഭരണസമിതി തീരുമാനിക്കുന്ന പരിധിയിൽ കൂടുതലുള്ളത് രേഖാമൂലം ഖജാൻജിയെ ഏൽപിക്കുക.

4. <u>ഓർഗനൈസിംഗ് സെക്രട്ടറി</u> :- അസ്സോസിയേഷന്റെ എല്ലാ വിഭാഗങ്ങളുടേയും പ്രവർത്തികൾ ക്രോഡീകരിച്ചു കൊണ്ടുള്ള പ്രവർത്തനം നടത്തുക. ജനറൽ സെക്രട്ടറിയെ എല്ലാ സംഗതികളിലും സഹായിക്കുക. ജനറൽ ബോഡി / എക്സിക്യുട്ടീവ് യോഗങ്ങളുടെ നടത്തിപ്പിനായി ജനറൽ സെക്രട്ടറിയിൽ നിന്നും വേണ്ടതായ ഉത്തരവ് നേടി പ്രാവർത്തികമാക്കുക.

5. **<u>ജോയിന്റ് സെക്രട്ടറി</u> :** സംഘടനയിലേക്കുള്ള അപേക്ഷകൾ ,

സംഭാവനകൾ ആദിയായവ സ്വീകരിക്കുകയും യഥാസമയം ജനറൽ സെക്രട്ടറിയുടെ പ്രവർത്തനങ്ങളിൽ അദ്ദേഹത്തെ സഹായിക്കുകയും ഏൽപ്പിക്കുന്ന എല്ലാ പ്രവർത്തനങ്ങളും കൃത്യമായി നടത്തുകയും അദ്ദേഹത്തിന്റെ അഭാവത്തിൽ മുഴുവൻ അധികാരങ്ങളും ചുമതലകളും നിർവ്വഹിക്കുകയും ചെയ്യുക.

6. **ഖജാൻജി** : സംഘടനയുടെ ധനങ്ങളും മറ്റ് ഏൽപ്പിക്കപ്പെടുന്ന സ്വത്തുക്കളും ഉത്തരവാദിത്വത്തോടെ സൂക്ഷിക്കുക, സെക്രട്ടറി യുടെ പക്കൽ നിന്ന് ലഭിക്കുന്ന സംഖ്യകൾ സൂക്ഷിക്കുകയും സെക്രട്ടറി രേഖാമൂലം ആവശ്യപ്പെടുന്ന പണമോ വസ്തുക്കളോ കൊടുക്കുകയും ചെയ്യുക. കൊടുക്കൽ വാങ്ങലുകളുടെ രേഖകൾ സൂക്ഷിക്കുക. വരവ് സംഖ്യയിൽ അതത് കാലങ്ങളിൽ ഖജാൻജി സൂക്ഷിക്കാൻ ഭരണസമിതി നിർണ്ണയിക്കുന്ന പരിധിയിൽ കവിഞ്ഞുള്ളത് ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ച് പാസ്സ് ബുക്കും ചെക്ക് ബുക്കും സൂക്ഷിക്കുക, പ്രസിഡന്റിനോടും സെക്രട്ടറി യോടുമൊപ്പം ബാങ്ക് അക്കൗണ്ട് കൈകാര്യം ചെയ്യുക.

**12. യോഗങ്ങൾ**

ഭരണസമിതി രണ്ട് മാസത്തിൽ ഒരിക്കലും ജനറൽ ബോഡി വർഷത്തിൽ രണ്ടു തവണയും ചേരേണ്ടതാണ്. ആവശ്യമാണെന്ന് തോന്നുന്ന പക്ഷം കൂടുതൽ യോഗങ്ങൾ വിളിച്ചുകൂട്ടാവുന്നതാണ്. ഭരണസമിതിക്ക് 7 ദിവസവും ജനറൽ ബോഡിക്ക് 15 ദിവസവും മുൻപ് നോട്ടീസ് കൊടുക്കേണ്ടതാണ്. അടിയന്തിരയോഗങ്ങൾക്ക് 24 മണിക്കൂർ മുമ്പ് നോട്ടീസ് കൊടുത്താൽ മതിയാവുന്നതാണ്. ജനറൽ ബോഡിയുടേയും

പ്രവർത്തക സമിതിയുടേയും എല്ലാ നടപടികളും അതാത് സമയങ്ങളിൽ മിനുട്സ് ബുക്കിൽ എഴുതി ചേർക്കേണ്ടതാണ്.

13. **അച്ചടക്ക നടപടി**

സമിതിയുടെ നിയമാവലിക്കും പുരോഗതിക്കും വിപരീതമായി പ്രവർത്തിക്കുന്ന മെമ്പർമാരോട് വിശദീകരണം ചോദിക്കാനും ശരിയെന്ന് തോന്നുന്ന നടപടികൾ സ്വീകരിക്കുവാനും പ്രവർത്തിക്കുവാനും പ്രവർത്തക സമിതിക്ക് അധികാരമുണ്ടായിരിക്കും.

14. **വോട്ടിംഗ്**

പൊതുയോഗത്തിലെ വോട്ടിംഗ് രഹസ്യ ബാലറ്റ് സമ്പ്രദായം അനുസരിച്ചായിരിക്കും.

15. **കോറം**

ജനറൽ ബോഡി യോഗത്തിന്റെ കോറം ആകെ അംഗങ്ങളുടെ അഞ്ചിൽ മൂന്ന് ഭാഗവും എക്സിക്യൂട്ടീവ് കമ്മറ്റി യോഗത്തിൽ മൂന്നിൽ ഒരു ഭാഗവും കോറമായിരിക്കും. കോറം തികയാതെ നിർത്തിവെച്ച യോഗം വീണ്ടും ചേരുമ്പോൾ കോറം പരിഗണിക്കേണ്ടതില്ല. അത് ജനറൽബോഡിയിലെ നോട്ടീസിൽ കാണിക്കേണ്ടതാണ്.

16. **അവിശ്വാസ പ്രമേയം**

എക്സിക്യൂട്ടീവ് മെമ്പർമാരുടേയോ കമ്മറ്റിയുടേയോ മേൽ ജനറൽ ബോഡിക്കുള്ള വിശ്വാസക്കുറവ് പരിശോധിക്കുവാൻ പ്രമേയങ്ങൾ ജനറൽ ബോഡിയിൽ അവതരിപ്പിക്കാവുന്നതാണ്. വിശ്വാസ അവിശ്വാസ പ്രമേയങ്ങൾ പാസാക്കുന്നതിന് മൂന്നിൽ രണ്ട് അംഗങ്ങളുടെ ഭൂരിപക്ഷം ഉണ്ടായിരിക്കേണ്ടതാണ്.

17. **ഒഴിവ് നികത്തൽ**

കമ്മറ്റിയിൽ വരുന്ന ഔദ്യോഗിക ഭാരവാഹികളുടെ ഒഴിവുകൾ ജനറൽ ബോഡിയിൽ നിന്ന് തെരെഞ്ഞെടുത്ത് നികത്തേണ്ടതാണ്.

18. **സാമ്പത്തികം**

അംഗത്വ ഫീസ്, വരിസംഖ്യ എന്നിവ രശീതി മുഖേന സ്വീകരിക്കേണ്ട താണ്. ജീവകാരുണ്യ പ്രവർത്തനങ്ങൾക്കായി പ്രത്യേക വെൽഫെയർ ഫണ്ട് രൂപീകരിക്കാവുന്നതാണ്. പൊതുജനങ്ങളിൽ നിന്നുള്ള സഹായധനം, മറ്റു സംഘടനയിൽ നിന്നോ, സർക്കാർ അർദ്ധസർക്കാർ ഏജൻസികളിൽ നിന്നുള്ള സഹായധനം എന്നിവയായിരിക്കും സമിതിയുടെ മറ്റ് സാമ്പത്തിക വരുമാനം.

**19. ഓഡിറ്റിംഗ്**

വർഷാന്ത ജനറൽ ബോഡിയിൽ വെച്ച് വോട്ടവകാശമുള്ള അംഗങ്ങളെ ഓഡിറ്റർമാരായി കണക്കുകൾ പരിശോധിക്കാൻ തെരെഞ്ഞെടുക്കേണ്ട താണ്. അപ്രകാരമുള്ള ഓഡിറ്റർമാർ പ്രവർത്തകസമിതിയിൽ അംഗങ്ങളാകുവാൻ പാടുള്ളതല്ല. എന്നാൽ ഓഡിറ്റ് ചെയ്യുന്ന പ്രവൃത്തിയിൽ പ്രവർത്തക സമിതി സഹായിക്കേണ്ടതും ആവശ്യമായ രേഖകൾ കൊടുക്കേണ്ടതുമാകുന്നു.

**20. വാർഷിക പൊതുയോഗം**

എല്ലാ വർഷവും ഏപ്രിൽ മാസത്തിൽ വാർഷിക ജനറൽ ബോഡി ചേർന്ന് പുതിയ വർഷത്തേക്കുള്ള ഭരണസമിതിയെ തെരെഞ്ഞെ ടുക്കേണ്ടതാണ്. ഒരു ഭരണസമിതിയുടെ കാലാവധി ഏപ്രിൽ 1 മുതൽ മാർച്ച് 31 വരെ ആയിരിക്കും. പുതിയ ഭരണസമിതിയുടെ പട്ടിക 14 ദിവ സത്തിനുള്ളിൽ ജില്ലാ രജിസ്ട്രാർ (ജനറൽ) ഓഫീസിൽ ഫയലിംങ്ങി നായി സമർപ്പിക്കേണ്ടതാണ്.

**21. ഭരണഘടനാ ഭേദഗതി**

ഈ നിയമാവലിയിൽ വല്ല ഭേദഗതിയും വരുത്തേണ്ടിവന്നാൽ അതിനായി വിളിച്ച് ചേർക്കുന്ന ജനറൽ ബോഡിയുടെ മൂന്നിൽ രണ്ടു ഭാഗത്തിന്റെ പിന്തുണ വേണ്ടതാണ്. ഇത് 1860-ലെ സൊസൈറ്റി റജിസ്ട്രേഷൻ ആക്ട് 12-ാം വകുപ്പിന് വിധേയമായിരിക്കും

**22. പിരിച്ചു വിടൽ**

| പ്രസിഡന്റ് | ജനറൽ സെക്രട്ടറി | ട്രഷറർ |
|---|---|---|
| **ഭരതൻ മാനാരി** | **കെ. എസ്. മേനോൻ** | **പി. പി. ദാമു** |

ഏതെങ്കിലും കാരണവശാൽ ഈ സമിതിയുടെ പ്രവർത്തനം നിലച്ച് പോവുകയോ പിരിച്ച് വിടേണ്ടി വരികയോ വന്നാൽ ഇതിന്റെ കടങ്ങൾ കഴിച്ചുള്ള ആസ്തികൾ ഇതേ ഉദ്ദേശ്യലക്ഷ്യങ്ങളോടെ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന മറ്റ് വല്ല സംഘടനകൾക്കോ ഗവൺമെന്റിലേക്കോ കൈമാറുകയല്ലാതെ ഇതിലെ അംഗങ്ങൾക്കിടയിൽ വിതരണം ചെയ്യുവാനോ വീതിച്ചെടുക്കുവാനോ പാടുള്ളതല്ല. ഇത് XXI ഓഫ് 1860 ലെ സൊസൈറ്റി രജിസ്ട്രേഷൻ ആക്ട് 13,14 വകുപ്പുകൾ അനുസരിച്ചായിരിക്കും

**23. രാജി**

സമിതിയുടെ പ്രസിഡണ്ടിന് രാജി സമർപ്പിക്കേണ്ടി വരുമ്പോൾ തന്റെ രാജി സെക്രട്ടറി മുഖാന്തിരം വൈസ് പ്രസിഡണ്ടിന് സമർപ്പിക്കാവുന്നതാണ്. രാജി സമർപ്പിക്കുമ്പോൾ രാജിയുടെ കാര്യകാരണങ്ങൾ രാജിക്കത്തിൽ വിവരിച്ചിരിക്കേണ്ടതാണ്.

**24. റിക്കാർഡുകളും രജിസ്റ്ററുകളും**

i. സമിതിയിലെ അംഗങ്ങളുടെ പേരുവിവരം കാണിക്കുന്ന രജിസ്റ്റർ
ii. മിനുട്സ് ബുക്ക്
iii. വരിസംഖ്യ പിരിവ് രജിസ്റ്റർ
iv. ജനറൽ ഫയൽ
v. രശീതുകളും വൗച്ചറുകളും
vi. ക്യാഷ് ബുക്ക്
vii. യോഗ നോട്ടീസ്
viii. മുദ്രകളും എംബ്ലം എന്നിവയും

**25. നടപ്പിൽ വരുന്ന തിയ്യതി**

ഈ ഭരണ ഘടന റജിസ്ട്രാർ ഓഫീസിൽ റജിസ്റ്റർ ചെയ്യുന്ന ദിവസം മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

| പ്രസിഡന്റ് | ജനറൽ സെക്രട്ടറി | ട്രഷറർ |
|---|---|---|
| **ഭരതൻ മാനാരി** | **കെ. എസ്. മേനോൻ** | **പി. പി. ദാമു** |

**മേൽ എഴുതിയതെല്ലാം ഡിപ്പാർട്ട്മെന്റ് ഓഫ് ആറ്റോമിക് എനർജി പെൻഷനേഴ്സ് അസ്സോസിയേഷൻ–നോർത്ത് കേരള** (സി–1, ലക്ഷ്മി നിവാസ്, പാർവ്വതിപുരം റോഡ്, പന്നിയങ്കര, കല്ലായി പി.ഒ. കോഴിക്കോട് – 673 003) **എന്ന സംഘടനയുടെ നിയമാവലിയാണെന്നും, ഇതേ ഉദ്ദേശ്യലക്ഷ്യ ങ്ങളോടെ ഇതേ പേരിൽ ഇതിന്റെ പ്രവർത്തന പരിധിയിൽ മറ്റൊരു സംഘടനയും പ്രവർത്തിക്കുന്നില്ലെന്നും സാക്ഷ്യപ്പെടുത്തുന്നു.**

| നമ്പർ | പേരും മേൽവിലാസവും | സ്ഥാനം | ഒപ്പ് |
|---|---|---|---|
| 1. | ഭരതൻ മാനാരി<br>ശ്രീരാഗം<br>കോ–ഓപ്പറേറ്റീവ് ബാങ്ക് റോഡ്<br>തടമ്പാട്ടുതാഴം, കാരപ്പറമ്പ് പി.ഒ.<br>കോഴിക്കോട് – 673 010 | പ്രസിഡന്റ് | |
| 2. | കെ. എസ്. മേനോൻ<br>ലക്ഷ്മി നിവാസ്<br>പാർവ്വതിപുരം റോഡ്<br>പന്നിയങ്കര, കല്ലായി പി.ഒ.<br>കോഴിക്കോട് – 673 003 | ജന. സെക്രട്ടറി | |
| 3 | പി. പി. ദാമു<br>നന്ദനം, അമ്മരാമൻകണ്ടി<br>എ. ജി. റോഡ്<br>പുതുപ്പണം പി.ഒ.<br>വടകര<br>കോഴിക്കോട് – 673 105 | ഖജാൻജി | |

സാക്ഷികൾ

1.

2.

| പ്രസിഡന്റ് | ജനറൽ സെക്രട്ടറി | ട്രഷറർ |
|---|---|---|
| **ഭരതൻ മാനാരി** | **കെ. എസ്. മേനോൻ** | **പി. പി. ദാമു** |